(ഡി) 14 വർഷവും രണ്ട് മാസവുമായി.

(ഇ) 521 അംഗങ്ങളുണ്ട്.

(എഫ്) 250 പേർക്കാണ് അഡ്മിനിസ്ട്രേറ്റർ അംഗത്വം നൽകിയത്.

കേരളത്തിലെ ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം

115 (2693) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ക്രെഡിറ്റ് സഹകരണസംഘങ്ങൾ കഴിഞ്ഞ 5 വർഷക്കാലയളവിൽ ഇൻഷ്വറൻസ് ഇനത്തിൽ എന്തു തുകയാണ് പ്രീമിയമായി അടച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം അടച്ചിട്ടുള്ള തുകയുടെ കണക്ക് വർഷം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(സി) ക്രെഡിറ്റ് സഹകരണ സംഘങ്ങൾ ഇപ്പോൾ എന്തിനൊക്കെയാണ് ഇൻഷ്വറൻസ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ ക്രെഡിറ്റ് സഹകരണ സംഘങ്ങൾ കഴിഞ്ഞ 5 വർഷം മൊത്തം 25,06,96,773/-രൂപ ഇൻഷ്വറൻസ് പ്രീമിയമായി അടച്ചിട്ടുണ്ട്.

(ബി) വർഷം തിരിച്ച് ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ സ്ഥാവരജംഗമ വസ്തുക്കളുടെ സുരക്ഷിതത്വത്തിനും സ്വർണ്ണപ്പണയ വായ്പയുടെ ഈട് സ്വർണ്ണത്തിനും നീക്കിയിരിപ്പുകൾക്കും, വ്യാപാരാവശ്യത്തിനു വാങ്ങി സൂക്ഷിക്കുന്ന ചരക്കുകൾക്കും, ജീവനക്കാരുടെ ഗ്രാറ്റിവിറ്റിക്കും സംഘാംഗങ്ങളുടെ അപകട പരിരക്ഷയ്ക്കും സംഘത്തിലെ നിക്ഷേപങ്ങൾക്കും ആണ് ഇൻഷ്വറൻസ് ഇനത്തിൽ തുക ചെലവഴിക്കുന്നത്.

എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സംഘങ്ങളുടെ പ്രവർത്തനം

116 (2694) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സംഘങ്ങളുടെ പുരോഗതിക്കും വിപുലീകരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly